**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6575** — **11-07-2024 - ൽ മറുപടിയ്ക്ക്**

**പിലീക്കോട് ഗവൺമെന്റ് ഐ.ടി.ഐ.ക്ക് കെട്ടിടം പണിയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ പിലീക്കോട് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ.ടി.ഐ.ക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് ആവശ്യമായ തുക വകയിരുത്തി മൂന്ന് വർഷം കഴിഞ്ഞിട്ടും ഡി.പി.ആർ. സബ്മിറ്റ് ചെയ്യാൻ കഴിയാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; ബജറ്റിലും പ്ലാൻ ഫണ്ടിലും ഇതിനായി വകയിരുത്തിയ തുക ലാപ്സാകാതിരിക്കാൻ എന്തുനടപടിയാണ് പി.ഡബ്ല്യു.ഡി. അധികൃതർ സ്വീകരിച്ചതെന്ന് അറിയിക്കാമോ? | (എ) | **തൃക്കരിപ്പൂർ മണ്ഡലത്തിലെ പീലിക്കോട് ഐ.ടി.ഐ കെട്ടിടം പണിയുന്നതിനായി G.O(Rt) No. 365/2021/PWD തീയതി 26/02/2021 പ്രകാരം 3 കോടി രൂപയുടെ ഭരണാനുമതി നലകിയിരുന്നു സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചപ്പോൾ കോംപോസിറ്റ് രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകി. കോമ്പോസിറ്റ് രീതിയിൽ ഡിസൈൻ ഇല്ലാതെ സാങ്കേതികാനുമതിക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഡിസൈൻ ഇല്ലാതെ സാങ്കേതികാനുമതി നൽകാൻ സാധിക്കാത്തതിനാൽ വിശദമായ ഡിസൈനോട്ടുകൂടി പുനർസമർപ്പിക്കുന്നതിന് 26/04/2022 ൽ നിർദ്ദേശം നൽകി. ഐ.ടി.ഐ യുടെ ആവശ്യങ്ങൾ ലഭ്യമാക്കിയശേഷം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി, പൊതുമരാമത്ത് റീജിയണൽ ഇൻവെസ്റ്റിഗേഷൻ വിംഗ് മുഖാന്തിരം ചെയ്യുകയും തുടർന്ന് Architectural drawing ന്റെ ഡ്രാഫ്റ്റ് തയ്യാറാക്കി, Architectural Drawing അംഗീകാരത്തിനായി ബന്ധപ്പെട്ട ഐ.ടി.ഐ യിലേക്ക് സമർപ്പിക്കുകയും ആയത് അംഗീകരിച്ച് കിട്ടുന്നതിനുള്ള കാലതാമസം ഉണ്ടാകുകയും ചെയ്തു. ക്ലയന്റ് അംഗീകരിച്ച ഡ്രോയിംഗ്, ഡിസൈൻ വിംഗിനു സമർപ്പിച്ച് 17/04/2024 തീയതിയിൽ Detailed Design Drawing പൂർത്തീകരിച്ചു. പ്രസ്തുത ഡിസൈൻ പ്രകാരം ആവശ്യമായ രേഖകൾ ഉൾപ്പെടുത്തി 3 കോടി രൂപയ്ക്ക് ഭരണാനുമതി തുക അധികരിക്കാനാത്ത വിധം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്ക് സമർപ്പിച്ചു. ഇതിൽ വന്ന ന്യൂനതകൾ പരിഹരിക്കുവാനായി ഫീൽഡ് എഞ്ചിനീയർക്ക് തിരികെ നൽകേണ്ടി വരുകയും, ഫീൽഡ് എഞ്ചിനീയർ സാങ്കേതികാനുമതി എസ്റ്റിമേറ്റ് പുനർസമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ഉടൻ** |

| | | | |
|---|---|---|---|
| | | | **ആരംഭിക്കുന്നതാണ്. കൂടാതെ ടി പദ്ധതിയുടെ ഭാഗമായി ഭാഗീക സാങ്കേതികാനുമതി നൽകി കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.**<br><br>**പ്രസ്തുത ഐ.ടി.ഐ ക്കുള്ള ആവശ്യമായ റിക്വയർമെന്റ്സ് പ്രകാരം തയ്യാറാക്കിയ ഡ്രോയിങ് പ്രകാരം കെട്ടിടം പൂർത്തീകരിക്കുന്നതിനായി G.O(Rt) No. 419/2022023/LBR dtd, 31/03/2023 പ്രകാരം 2.71 കോടി രൂപയുടെ ഭരണാനുമതി കൂടി ഇതിന് ലഭിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ